24
2024
സെപ്റ്റംബർ
ചൊവ്വ
കന്നി 8

NAUTICAL TIMES
KERALA
The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.272 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-272 പേജ് 4. വില 2.00 രൂപ

02 പൊലീസിന്റെ മനോവീര്യം തകർക്കാനുള്ള നീക്കം തടയും ; മുഖ്യമന്ത്രി
03 എംപോക്സ് :രോഗലക്ഷണങ്ങൾ ഉണ്ടായാൽ അടിയന്തരമായി അറിയിക്കണമെന്ന് ഡി.എം.ഒ
04 വനംവകുപ്പിൽ ചോദിക്കാനും പറയാനും ആളില്ലാത്ത അവസ്ഥ: പി.വി.അൻവർ

# തൃശൂർ പൂരം അലങ്കോലമാക്കാൻ ശ്രമമുണ്ടായി: മുഖ്യമന്ത്രി

തൃശൂർ : തൃശൂർ പൂരം അലങ്കോലമായതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ചൊവ്വഴ്ച തന്റെ കൈയിൽ കിട്ടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൂരം അലങ്കോലമാക്കാൻ ശ്രമമുണ്ടായി. കൂടുതൽ വിവരങ്ങൾ തനിക്ക് ഇപ്പോൾ അറിയില്ല. അതേക്കുറിച്ച് ഇപ്പോൾ പറയാൻ കഴിയില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.



റിപ്പോർട്ട് ഉടൻ പുറത്തുവിടും. പൂരം അലങ്കോലമാക്കിയ സംഭവത്തിൽ 24 ന് മുമ്പ് റിപ്പോർട്ട് ലഭിക്കണം എന്ന് ഉത്തരവിട്ടിരുന്നു. 23 ന് തന്നെ റിപ്പോർട്ട് ഡിജിപിയുടെ ഓഫീസിലെത്തി. ആ റിപ്പോർട്ട് നാളെയെ തന്റെ കൈയിലെത്തൂവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. റിപ്പോർട്ട് കാണാതെയാണ് മാധ്യമങ്ങൾ വാർത്ത റിപ്പോർട്ട് ചെയ്യുന്നത്.

റിപ്പോർട്ടിൽ എന്താണെന്ന് മൂന്നാല് ദിവസം കാത്തിരുന്നാൽ മനസിലാകും. അപ്പോഴേക്കും ജനത്തിന്റെ മനസിൽ സംഭവിക്കാൻ പാടില്ലാത്ത കാര്യം അന്വേഷണത്തിലും സംഭവിച്ചുവെന്ന വികാരം ജനിപ്പിക്കാനാണ് ചിലർ വ്യാജപ്രചാരണം നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. പൂരം അലങ്കോലപ്പെട്ടതിൽ ബാഹ്യശക്തികളുടെ ഇടപെടൽ ഇല്ലാ എന്നാണ് എഡിജിപി അജിത് കുമാർ നൽകിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. പൂരം കലക്കിയതിന് പിന്നിൽ രാഷ്ട്രീയ ഇടപെടലും മുൻകൂട്ടിയുള്ള ആസൂത്രണവും ഉണ്ടെന്ന് ആരോപിച്ച് മുൻ മന്ത്രി വി.എസ്.സുനിൽ കുമാർ ഉൾപ്പടെയുള്ളവർ രംഗത്ത് എത്തിയിരുന്നു.



# ശ്രീലങ്കൻ ടഗ്ഗ് എംടി മഹാവേവ് വിഴിഞ്ഞത്തെത്തി

വിഴിഞ്ഞം: കൊളംബോ പോർട്ടിൽ നിന്ന് ഡ്രെഡ്ജർ ശാന്തി സാഗർ എക്സുമായി വന്ന ശ്രീലങ്കൻ ടഗ്ഗ് എംടി മഹാവേവ് ഇന്നലെ ഉച്ചക്ക് രണ്ടരയോടെ വിഴിഞ്ഞത്ത് അടുത്തു.

ടഗ്ഗ്മാസ്റ്റർ ജയവർധനയുടെ മേൽനോട്ടത്തിൽ പതിനാല് ജീവനക്കാരുമായി എത്തിയ മഹാവേവിന് വിഴിഞ്ഞം തുറമുഖത്ത് കയറാനുള്ള അനുമതിനൽകാൻ കസ്റ്റംസും, ഇമിഗ്രേഷൻ, ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരും എത്തിയിരുന്നു. പോർട്ട് പർസർ വിനുലാൽ , പോർട്ട് അസിസ്റ്റന്റ് കൺസർവേറ്റർ അജീഷ് എന്നിവർ മറ്റ് നടപടികൾ സ്വീകരിച്ചു.

ക്ലിയറൻസ് കഴിഞ്ഞ് ദൗത്യം പൂർത്തിയാക്കിയ ടഗ്ഗ് ഇന്നലെ വൈകുന്നേരത്തോടെ ശ്രീലങ്കക്ക് പുറപ്പെട്ടു. തുടർന്ന് ശാന്തിസാഗറിനെ അദാനിയുടെ വക ടഗ്ഗിന്റെ സഹായത്തോടെ അന്താരാഷ്ട്ര തുറമുഖത്തിനുള്ളിൽ എത്തിച്ചു. കപ്പലുകൾ എത്തിച്ച് ട്രയൽ റൺ പൂർവാധികം ശക്തിയോടെ ആരംഭിച്ചെങ്കിലും വിദേശത്ത് നിന്നുൾപ്പെടെയുള്ള കപ്പലുകളെ സ്വതന്ത്രമായി അടുപ്പിക്കാനുതകുന്ന ഐസിപി കോഡ് എന്ന അംഗീകാരം ലഭിക്കാത്തതാണ് മാരിടൈം ബോർഡിന് തുറമുഖത്തിന്റെ സഹായം വേണ്ടി വന്നത്.നിലവിൽ അന്താരാഷ്ട്ര തുറമുഖത്ത് അടുക്കുന്ന ഓരോ കപ്പലുകൾക്കും പ്രത്യേക അനുമതി വാങ്ങുന്നതായാണറിവ് എംഎസ്സി ഷിപ്പിംഗ് കമ്പനിയുടെ മദർഷിപ്പും ഫീഡർ ഷിപ്പുകളുടെയും നീണ്ടനിര തന്നെ വിഴിഞ്ഞത്തേക്ക് എത്തുന്നുണ്ട്.

കഴിഞ്ഞ ദിവസം അടുത്ത വിഷി ഇന്നലെ രാവിലെ തീരം വിട്ടപ്പോൾ ഉച്ചയോടെ കേപ് ടൗൺ തീരത്തണഞ്ഞു. കേപ് ടൗൺ ദൗത്യം പൂർത്തിയാക്കി ഇന്ന് മടങ്ങുന്ന മുറക്ക് എംഎസ്സി റോസ് വിൽ വാർഫിൽ അടുക്കും.

# ലബനനിൽ ഇസ്രയേൽ വ്യോമാക്രമണം

## 21 കുട്ടികളടക്കം 274 പേർ കൊല്ലപ്പെട്ടു, 1024 പേർക്ക് പരുക്ക്

ബെയ്റൂട്ട് : തെക്കൻ ലബനനിലെ ഹിസ്ബുല്ലയുടെ ശക്തികേന്ദ്രങ്ങളിൽ തിങ്കളാഴ്ച ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ 21 കുട്ടികളും 39 സ്ത്രീകളുമടക്കം 274 പേർ കൊല്ലപ്പെട്ടതായി ലബനീസ് ആരോഗ്യ മന്ത്രാലയം അറിയിച്ചു. 1,024 പേർക്ക് പരുക്കേറ്റു. ഒക്ടോബർ 7ന് ഇസ്രയേൽ – ഹമാസ് യുദ്ധം ആരംഭിച്ചതിന് ശേഷം മേഖലയിൽ നടന്ന ഏറ്റവും വലിയ ആക്രമണമാണിത്. നിരവധി ഹിസ്ബുല്ല കേന്ദ്രങ്ങളിലായി ഡസൻ കണക്കിന് ആക്രമണങ്ങളാണ് ഇസ്രയേൽ നടത്തിയത്. അതേസമയം വടക്കൻ ഇസ്രയേലിലെ മൂന്ന് കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഹിസ്ബുല്ലയും പ്രത്യാക്രമണം നടത്തി. കൊല്ലപ്പെട്ടവരിൽ സ്ത്രീകളും കുട്ടികളും ആരോഗ്യപ്രവർത്തകരും ഉൾപ്പെടുന്നുണ്ടെന്ന് രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.



ഇസ്രയേൽ–ലബനൻ അതിർത്തിയിൽ ഒരു വർഷത്തിനിടെ നടന്ന ഏറ്റവും ശക്തമായ ആക്രമണമാണ് തിങ്കളാഴ്ച നടന്നത്. ലോക രാഷ്ട്രങ്ങൾ ഇസ്രയേലിനോടും ഹിസ്ബുല്ലയോടും യുദ്ധത്തിൽനിന്ന് പിന്മാറണമെന്ന് അഭ്യർഥിച്ചതിന് പിന്നാലെയാണ് ഇസ്രയേലിന്റെ ഭാഗത്ത് നിന്ന് മാരകമായ ആക്രമണം നടന്നത്. തെക്കൻ ലബനൻ ഗ്രാമമായ സാവ്താർ, ബെക്കാ താഴ്‌വര, പുരാതന നഗരമായ ബാൽബെക്ക് എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ പേർ കൊല്ലപ്പെട്ടിരിക്കുന്നതെന്നാണ് റിപ്പോർട്ട്. അരമണിക്കൂറിനുള്ളിൽ 80ലധികം വ്യോമാക്രമണങ്ങളാണ് ലബനനിൽ നടന്നത്.

അതേസമയം ഹിസ്ബുല്ലയുമായി ബന്ധമുള്ള സ്ഥലങ്ങളിൽ നിന്ന് ജനങ്ങൾ ഒഴിഞ്ഞു പോകണമെന്ന് ഇസ്രയേൽ സൈനിക വക്താവ് റിയർ അഡ്മിറൽ ഡാനിയൽ ഹഗാരി ലെബനനിലെ ജനങ്ങളോട് ആവശ്യപ്പെട്ടു. ഇനിയും ആക്രമണങ്ങൾ ഉണ്ടാകുമെന്നാണ് ഇസ്രയേലിന്റെ മുന്നറിയിപ്പ്. ലെബനനിലുടനീളം വ്യാപിച്ചുകിടക്കുന്ന ഹിസ്ബുല്ല ഭീകരകേന്ദ്രങ്ങൾക്കെതിരെ ഇസ്രയേൽ സൈന്യം വരും ദിവസങ്ങളിൽ ആക്രമണം വർധിപ്പിക്കാനാണ് നീക്കമെന്നും ഹഗാരി പറഞ്ഞു.

നിലവിൽ ലെബനനിലെ തെക്ക്, കിഴക്ക് ഭാഗങ്ങളും തലസ്ഥാന നഗരമായ ബെയ്റൂട്ടിന്റെ തെക്കൻ മേഖലയുമാണ് ഹിസ്ബുല്ലയുടെ ശക്തികേന്ദ്രങ്ങളായി ഇസ്രയേൽ കണക്കാക്കുന്നത്. ലെബനൻ മറ്റൊരു ഗാസയായി മാറുമെന്ന് ന്യൂയോർക്കിൽ വച്ച് നടന്ന ഐക്യരാഷ്ട്രസഭയുടെ വാർഷിക ജനറൽ അസംബ്ലിക്ക് മുന്നോടിയായി സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് മുന്നറിയിപ്പ് നൽകിയിരുന്നു. സമാധാനം പുനഃസ്ഥാപിക്കാനായി ഇരുപക്ഷത്തോടും വെടിനിർത്തലിന് ആഹ്വാനം ചെയ്തെങ്കിലും നടപ്പിലായിരുന്നില്ല.

# പട്ടം എസ് യു ടി ആശുപത്രിയിൽ നാലാമത്തെ ബാച്ച് 'പാരാമെഡിക്കൽ കോഴ്സുകൾ' ആരംഭിച്ചു

തിരുവനന്തപുരം: എസ് യു ടി ആശുപത്രിയുടെ ആഭിമുഖ്യത്തിൽ 'എസ് യു ടി ഇൻസ്റ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ് (ടകജട)' നാലാമത്തെ ബാച്ച് പ്രവർത്തനം ആരംഭിച്ചു. സെപ്റ്റംബർ 18ന് ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ വച്ചു നടന്ന ചടങ്ങിൽ രണ്ടാം ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും നടന്നു. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി നാലാം ബാച്ചിന്റെ പ്രവേശനോദ്ഘാടനം നിർവ്വഹിച്ചു. ആരോഗ്യരംഗത്ത് പ്രവർത്തന നൈപുണ്യമുള്ള പാരാമെഡിക്കൽ പ്രൊഫഷണലുകളുടെ ആവശ്യകതയെക്കുറിച്ച് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം എടുത്തു പറയുകയുണ്ടായി. എസ് യു ടി സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ പ്രൊഫ. നിർമ്മല എൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. രാജശേഖരൻ നായർ വി (മെഡിക്കൽ സൂപ്രണ്ട്, എസ് യു ടി ഹോസ്പിറ്റൽ), രാധാകൃഷ്ണൻ നായർ (ചീഫ് ലെയ്സൺ ഓഫീസർ, എസ് യു ടി), റെയ്ച്ചലമ്മ ജേക്കബ് ഡാനിയൽ (നഴ്സിംഗ് സൂപ്രണ്ട്, എസ് യു ടി), രാജീവ് ടി (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ടകജട) എന്നിവർ സർട്ടിഫിക്കറ്റ് വിതരണവും വിദ്യാർത്ഥികൾക്ക് ആശംസകൾ നേരുകയും ചെയ്തു. പരിപാടിയുടെ ഭാഗമായി ദേവി കൃഷ്ണ (എച്ച് ആർ മാനേജർ, എസ് യു ടി), വിദ്യ ദുർഗാദാസ് (ക്ലിനിക്കൽ കോർഡിനേറ്റർ, ടകജട) എന്നിവരുടെ ഓറിയന്റേഷൻ ക്ലാസ്സുകളും ഉണ്ടായിരുന്നു. ടകജട വിഭാഗം മേധാവി ദിലീപ് കൃഷ്ണ, എസ്യുടി സ്കൂൾ ഓഫ് നഴ്സിംഗ് അധ്യാപിക ബിൻസി ഉൾപ്പെടെ അമ്പതോളം പേർ ചടങ്ങിൽ പങ്കെടുത്തു.





# വൈദ്യുത ഊർജ്ജ ചെലവുകളും കാർബൺ ഫൂട്ട് പ്രിന്റും കുറയ്ക്കാൻ

## കിയാലിന്റെ 4 മെഗാ വാട്ട് സോളാർ പ്രോജക്ട് ഒരുങ്ങുന്നു

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഊർജ്ജ ചെലവും പാരിസ്ഥിതികാഘാതവും കുറയ്ക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 4 മെഗാ വാട്ട് സോളാർ പ്രോജക്ട് ഒരുങ്ങുന്നു.

എയർപോർട്ടിന്റെ വൈദ്യുതി ഉപഭോഗ ചെലവുകളും കാർബൺ ഫൂട്ട് പ്രിന്റും കുറയ്ക്കാൻ സഹായകമാകുന്ന പ്രോജക്ടാണ് ഇത്.

രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെ വൈദ്യുതി ലഭ്യമാക്കുന്ന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ ബാഹ്യ വൈദ്യുതി സ്രോതസുകളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സഹായിക്കും. വിമാനത്താവളത്തിന്റെ കാർ പാർക്കിംഗ് ഏരിയയിലും സമീപ പ്രദേശങ്ങളിലുമാണ് സോളാർ പ്രോജക്ട് സ്ഥാപിക്കുവാൻ ഒരുങ്ങുന്നത്. പാർക്കിംഗ് സ്ഥലങ്ങൾക്കു മുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുക വഴി വിമാനത്താവളത്തിന്റെ സേവന നിലവാരം വർദ്ധിപ്പിക്കുവാനും സൗകര്യം മെച്ചപ്പെടുത്താനും സാധിക്കും.

ഈ സാമ്പത്തിക വർഷത്തിനുള്ളിൽ പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതി മുഖേന വിമാനത്താവളത്തിന് ഗണ്യമായ സാമ്പത്തിക ലാഭം ഉണ്ടായേക്കുമെന്നാണ് കണക്കുകൂട്ടുന്നത്.

ഈ സംരംഭം വ്യോമയാന മേഖലയിൽ ഹരിത ഊർജ്ജം സ്വീകരിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുമെന്നും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനവും പാരിസ്ഥിതിക ബോധവും കൂടുതൽ ബലപ്പെടുത്തുമെന്നുമുള്ള ശുഭാപ്തി വിശ്വാസത്തിലാണെന്നും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് മാനേജിങ് ഡയറക്ടർ അറിയിച്ചു.

# മെഷീൻ ലേണിംഗിൽ സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിത മെഷീൻ ലേണിംഗ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഓൺലൈനായും ഓഫ്‌ലൈനായും സംഘടിപ്പിക്കുന്നു. ഓൺലൈൻ പ്രോഗ്രാം ഒക്ടോബർ 7 മുതൽ 24 വരെയും ഓഫ്‌ലൈൻ പ്രോഗ്രാം ഒക്ടോബർ 5 മുതൽ നവംബർ 2 വരെ വാരാന്ത്യത്തിൽ ആണ് സംഘടിപ്പിക്കുന്നത്. ഓൺലൈൻ പ്രോഗ്രാം അവധി ദിവസങ്ങൾ ഒഴികെ 15 ദിവസം നീണ്ടുനിൽക്കുന്ന 30 മണിക്കൂർ പ്രോഗ്രാം (6 - 8 PM) ആയും ഓഫ്‌ലൈൻ പ്രോഗ്രാം 5 ശനിയാഴ്ചകളിലായി ദിവസവും 6 മണിക്കൂർ (10 AM - 5 PM) ദൈർഘ്യമുള്ള 30 മണിക്കുർ പ്രോഗ്രാമുകളായാണ് കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്.

പരിശീലനത്തിന് ശേഷം പരീക്ഷയും പ്രോജക്ട് അവതരണവും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. എൻജിനിയറിംഗ് ടെക്നോളജി, സയന്റിഫിക് റിസർച്ച് എന്നീ മേഖലകളിൽ സർഗ്ഗാത്മകതയും പ്രശ്നപരിഹാര കഴിവുകളും വളർത്തിയെടുക്കാൻ സഹായിക്കുന്ന രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്.

പങ്കെടുക്കുന്നവരുടെ എണ്ണം ഓൺലൈൻ പ്രോഗ്രാമിനു 50 ആയും ഓഫ്‌ലൈൻ പ്രോഗ്രാമിനു 30 ആയും പരിമിതപ്പെടുത്തിയിട്ടുണ്ട്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കാണ് മുൻഗണന. ഓൺലൈൻ പ്രോഗ്രാം രജിസ്ട്രേഷൻ ഫീ 3000 രൂപയാണ്. 2024 ഒക്ടോബർ 3 വരെ അപേക്ഷിക്കാം.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും https://icfoss.in/event-details/198 എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഓഫ്‌ലൈൻ പ്രോഗ്രാം രജിസ്ട്രേഷൻ ഫീ 8000 രൂപയാണ്. 2024 ഒക്ടോബർ 1 വരെ അപേക്ഷിക്കാം.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും https://icfoss.in/event-details/199 എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അല്ലെങ്കിൽ രാവിലെ 10 മണി മുതൽ വൈകുന്നരം 5 മണിവരെ 7356610110, 91 471 2413012 / 13 / 14, 9400225962 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പി.ജി ഹോമിയോ കോഴ്സിലേക്കുള്ള പ്രവേശനം

ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കി. 2024 ലെ പി.ജി ഹോമിയോ കോഴ്സിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിനായി ഗവൺമെന്റ് ഹോമിയോ കോളേജുകളിലേക്ക് ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നതോടൊപ്പം ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

പി.ജി ഹോമിയോ കോഴ്സിലേക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും സെപ്റ്റംബർ 23 വൈകിട്ട് 4 മണിക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഓപ്ഷനുകളും സമർപ്പിക്കാവുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 26 വൈകിട്ട് 3 മണി. വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവയ്ക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 04712525300.

## പി.ജി ആയുർവേദ ഡിഗ്രി/ഡിപ്ലോമ കോഴ്സിലേക്കുള്ള പ്രവേശനം

ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കി. 2024 ലെ പി.ജി ആയുർവേദ ഡിഗ്രി/ ഡിപ്ലോമ കോഴ്സിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിനായി ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നതോടൊപ്പം ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

2024 ലെ പി.ജി ആയുർവേദ ഡിഗ്രി/ ഡിപ്ലോമ കോഴ്സിലേക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും സെപ്റ്റംബർ 23 വൈകിട്ട് 4 മണിക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഓപ്ഷനുകളും സമർപ്പിക്കാവുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 26 വൈകിട്ട് 3 മണി. വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവയ്ക്ക് www.c-e-e.k-er-a-l-a.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## ഭിന്നശേഷിക്കാരിൽ നിന്നും ബങ്കുകൾക്കുള്ള അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനും കേരള സംസ്ഥാന പനയുൽപ്പന്ന തൊഴിലാളി വികസന കോർപ്പറേഷനും (കെൽപാം) സംയുക്തമായി ഭിന്നശേഷിക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ബങ്കുകൾ ആരംഭിച്ച് നൽകുന്നതിനുള്ള പദ്ധതിക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. തിരുവനന്തപുരം നഗരസഭാ പരിധിയിലെ സ്ഥിരതാമസക്കാരായ 40 ശതമാനം ഭിന്നശേഷിത്വമുള്ള ഭിന്നശേഷിക്കാരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു.

ബങ്ക് നടത്താൻ താൽപര്യമുള്ള ഭിന്നശേഷിക്കാർ അവരുടെ പേരും മറ്റ് വിശദാംശങ്ങളും ഫോട്ടോഗ്രാഫും ഉൾപ്പെടെ സെപ്റ്റംബർ 30 ന് വൈകിട്ട് 5 മണിക്കകം നിശ്ചിത അപേക്ഷാ ഫോമിൽ ഭിന്നശേഷിക്ഷേമ കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷാ ഫോമും മറ്റു വിശദാംശങ്ങളും www.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712347768, 9497281896.

## തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് പ്രവേശന തുടങ്ങി

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകളായ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് ഡക/ഡത ഡിസൈനർ ആൻഡ് ഡെവലപ്പർ, വെബ് ഡിസൈനർ ആൻഡ് ഫുൾസ്റ്റാക്ക് ഡെവലപ്മെന്റ്, ഐ ഒ റ്റി, സൈബർ സെക്യൂരിറ്റി ആൻഡ് എത്തിക്കൽ ഹാക്കിംഗ്, പൈതൺ ആൻഡ് മെഷീൻ ലേണിംഗ്, കംപ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ് എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലെ കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടോ 04712337450, 04712320332 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

## ഡിപ്ലോമ സേ പരീക്ഷാ ഫലം

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തിയ ഏപ്രിൽ 2024 റിവിഷൻ 2021 ഡിപ്ലോമ സേ പരീക്ഷയുടെ ഫലം www.beta.sbta.kerala.gov.in മുഖേന പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിങ്

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സെപ്റ്റംബർ 28 ന് രാവിലെ 11 ന് തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലെ കമ്മീഷന്റെ കോർട്ട് ഹാളിൽ സിറ്റിങ് നടത്തും. പ്രസ്തുത സിറ്റിംഗിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മാനവ ഐക്യവേദി സെക്രട്ടറി ജനറൽ സമർപ്പിച്ച നിവേദനം, സമുദായത്തിന്റെ പേര് യോഗിസ് (Yogis) എന്നുള്ളത് യോഗി (Yogi) എന്ന് തിരുത്തണമെന്ന ആവശ്യം, ജാതിപ്പേര് ഒന്നാണെന്നു വ്യക്തമാക്കുന്ന സാക്ഷ്യപത്രം അനുവദിക്കണമെന്നാവശ്യപ്പെട്ട് ചിത്ര എസ്. സമർപ്പിച്ച ഹർജി എന്നിവ പരിഗണിക്കുന്നതായിരിക്കും. പ്രസ്തുത സിറ്റിങിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ്. ജി.ശശിധരൻ, മെമ്പർമാരായ സുബൈദാ ഇസ്ഹാക്ക്, ഡോ. എ.വി. ജോർജ്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## താൽക്കാലിക ഇൻസ്ട്രക്ടറുടെ ഒഴിവ്

വാമനപുരം ഗവ. ഐടിഐയിൽ പ്ലംബർ ട്രേഡിൽ ഓപ്പൺ കാറ്റഗറി വിഭാഗത്തിലേക്ക് സംവരണം ചെയ്തിട്ടുള്ള ഒരു താൽക്കാലിക ഇൻസ്ട്രക്ടറുടെ ഒഴിവുണ്ട്. താൽപ്പര്യമുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ സെപ്റ്റംബർ 28ന് രാവിലെ 10.30ന് യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ശരിപ്പകർപ്പുകളും സഹിതം പ്രിൻസിപ്പൽ മുമ്പാകെ അഭിമുഖത്തിനായി ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0472 2967700

## ചെയിൻ സർവ്വേ പരീക്ഷാ ഫലം

2024 ജനുവരി 30, 31, ജൂൺ 12, 13 തീയതികളിൽ തിരുവനന്തപുരം / കോഴിക്കോട്/ താമരശ്ശേരി കേന്ദ്രങ്ങളിൽ വച്ച് നടത്തിയ ചെയിൻ സർവ്വെ (മൂന്നു മാസം) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സർവെ ഡയറക്ടറേറ്റിലും, സർവെ വകുപ്പിന്റെ വെബ് സൈറ്റിലും (www.dslr.kerala.gov.in) മറ്റ് ബന്ധപ്പെട്ട സർവെ ഓഫീസുകളിലും പരീക്ഷാഫലം പരിശോധനയ്ക്ക് ലഭിക്കുന്നതാണ്.

## മീഡിയ ഏജൻസികളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിക്കുന്നു

കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡിന്റെ മീഡിയ പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മീഡിയ ഏജൻസി തെരഞ്ഞെടുപ്പിനായി വീണ്ടും ടെണ്ടർ നടപടി പ്രഖ്യാപിച്ചു. സെപ്റ്റംബർ 3 ന് പുറപ്പെടുവിച്ച മുൻ ടെണ്ടർ റദ്ദാക്കിയിരിക്കുന്നു. അപേക്ഷകൾ സെപ്റ്റംബർ 30 നകം ഓൺലൈനായി ഇടെൻഡർ കേരള പോർട്ടൽ മുഖാന്തിരം സമർപ്പിക്കാം. വിശദവിവരങ്ങൾക്ക്: www.etenders.kerala.gov.in. ഫോൺ: 0471663083.

## ഒഴിവുള്ള സീറ്റുകളിൽ അപേക്ഷിക്കാം

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (റ്റാലി), മൊബൈൽ ഫോൺ ടെക്നോളജി, ടോട്ടൽസ്റ്റേഷൻ, ബ്യൂട്ടീഷ്യൻ, ഇലക്ട്രിക്കൽ വയർമാൻ എന്നീ കോഴ്സുകളിലേക്കു ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 8075289889, 9495830907.

## എൽ.ബി.എസ് ഐറ്റി.ഡബ്യു ക്യാമ്പസിൽ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സ്

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ പൂജപ്പുരയിലുള്ള എൽ.ബി.എസ് ഐറ്റി.ഡബ്യു ക്യാമ്പസിലെ പരിശീലന കേന്ദ്രത്തിൽ ഒക്ടോബർ ആദ്യ വാരം ആരംഭിക്കുന്ന ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഇംഗ്ലീഷ് ആൻഡ് മലയാളം) കോഴ്സിന് എസ്.എസ്.എൽ.സി പാസായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഒക്ടോബർ 5 വരെ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 04712560333.

## സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ കണ്ണൂർ സിറ്റിങ്

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സെപ്റ്റംബർ 25 ന് രാവിലെ 11 മണിക്ക് കണ്ണൂർ കളക്ടറേറ്റിലെ ഓഡിറ്റോറിയത്തിൽ സിറ്റിങ് നടത്തും. സിറ്റിങ്ങിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നുള്ള പുതിയ പരാതികൾ സ്വീകരിക്കും.

# സംസ്ഥാനതല കൺസൽട്ടേഷൻ ഉദ്ഘാടനം മന്ത്രി ജി.ആർ അനിൽ നിർവഹിക്കും

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും യുണിസെഫും സംയുക്തമായി സംഘടിപ്പിക്കുന്ന ഡിജിറ്റൽ കാലഘട്ടത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിന് മാധ്യമങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ നടത്തുന്ന സംസ്ഥാനതല കൺസൽട്ടേഷന്റെ ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ അനിൽ നിർവഹിക്കും. സെപ്റ്റംബർ 24 ന് രാവിലെ 10 മണിക്ക് ഹൈസിന്ത് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അധ്യക്ഷത വഹിക്കും. സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം ബി മോഹൻകുമാർ സ്വാഗതം ആശംസിക്കും. വനിതാ ശിശുക്ഷേമ വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ മുഖ്യാതിഥിയാകും. യൂണിസെഫ് കേരള തമിഴ്നാട് സോഷ്യൽ പോളിസി ചീഫ് കെ.എൽ റാവു മുഖ്യ പ്രഭാഷണം നടത്തും. സിനിമാ, ടെലിവിഷൻ കാലഘട്ടത്തിലെ ബാലാവകാശം എന്ന വിഷയത്തിൽ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ കരുണും, ഡിജിറ്റൽ കാലത്തെ ബാലാവകാശം എന്ന വിഷയത്തിൽ മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി പി.എം മനോജും പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ, കുട്ടികളുടെ സ്വകാര്യതയ്ക്കും രഹസ്യസ്വഭാവത്തിനുമുള്ള അവകാശങ്ങൾക്ക് വേണ്ടിയുള്ള നിയമങ്ങളിലെ വൈരുധ്യങ്ങൾ എന്ന വിഷയത്തിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ.കെ. സുബൈറും സെഷനുകൾ നയിക്കും. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം കെ.കെ ഷാജു മോഡറേറ്ററാകും. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം എൻ.സുനന്ദ നന്ദി അർപ്പിക്കും.

# പൊലീസിന്റെ മനോവീര്യം തകർക്കാനുള്ള നീക്കം തടയും ; മുഖ്യമന്ത്രി

സംസ്ഥാനത്ത് പൊലീസിന് നിർഭയമായും നീതിപൂർവ്വമായും പ്രവർത്തിക്കാനും നിയമവിരുദ്ധ പ്രവൃത്തികൾ തടയാനുമുള്ള സാഹചര്യം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി. പൊലീസിന്റെ ഭാഗത്തു നിന്ന് തെറ്റായ കാര്യങ്ങൾ ഉണ്ടാകില്ല എന്നുറപ്പാക്കാനും തെറ്റു ചെയ്യുന്നവരെ ശിക്ഷിക്കാനും കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യും. അതേ സമയം പൊലീസ് സേനയുടെ മനോവീര്യം തകർക്കാനുള്ള ബോധപൂർവ്വ നീക്കത്തോട് ഒരു തരത്തിലും യോജിക്കാനും കഴിയില്ല. സംസ്ഥാനത്ത് നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ കണ്ടെത്തി തടയാനുള്ള സേനയാണ് പൊലീസ്. ആ പൊലീസ് അതിന്റെ ജോലി ചെയ്യുന്നതിന്റെ ഭാഗമായാണ് സ്വർണ്ണക്കടത്ത് അടക്കം പിടികൂടുന്നതും കടത്തുകാരെ നിയമത്തിനു മുന്നിൽ എത്തിക്കുന്നതും. സ്വർണ്ണം, മയക്കുമരുന്ന്, കള്ളപ്പണം എന്നിവ കടത്തുന്നത് നാടിനെതിരായ കുറ്റകൃത്യം തന്നെയാണ്. അത് ഒരു വിധത്തിലും അനുവദിക്കില്ല. പരിശോധനകൾ കർശനമാക്കാനും കള്ളക്കടത്തുകാരെ കർക്കശമായി കൈകാര്യം ചെയ്യാനും പൊലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല. ഇതുമായി ബന്ധപ്പെട്ടു ലഭിച്ച പരാതിയിൽ അന്വേഷണം നടക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ദിവസങ്ങളോളം പരസ്യമായി ചാനലുകളിൽ ഉയർത്തിയ പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പ്രത്യേകസംഘത്തെ നിയോഗിച്ചു. തെറ്റ് സംഭവിച്ചാൽ ഉചിതമായ നടപടി സർക്കാർ സ്വീകരിക്കുമെന്ന് നേരത്തെ തന്നെ വ്യക്തമാക്കിയതാണ്.

ഒരു മുൻവിധിയോടെയും ഈ കാര്യത്തെ സമീപിക്കുന്നില്ല. ഉയർന്നു വന്ന ഓരോ കാര്യങ്ങളെക്കുറിച്ചും കുറ്റമറ്റ അന്വേഷണം നടത്തും. എന്തെങ്കിലും അപാകം കണ്ടെത്തിയാൽ അതിനുത്തരവാദി ആയവർക്കെതിരെ പരമാവധി ശിക്ഷയുമുണ്ടാകും. കുറ്റവാളികളെ മഹത്വവൽക്കരിക്കരുതെന്നും അദ്ദേഹം പറഞ്ഞു

## വയനാട് മെഡിക്കൽ കോളേജിൽ ഒഴിവുകൾ

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി ട്യൂട്ടർ/ ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് പ്രതിമാസം 45000 രൂപ ഏകീകൃത ശമ്പളത്തിൽ (ഈീ ീഹശറമലേറ ുമ്യ) കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തുന്നു. എം.ബി.ബി.എസ് യോഗ്യതയും, ടിസിഎംസി/ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ (പെർമനന്റ്) രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. താൽപര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ മാർക്ക് ലിസ്റ്റ് ഉൾപ്പെടെ പ്രവൃത്തിപരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖകൾ സഹിതം നവംബർ 8 ന് രാവിലെ 11 മണിക്ക് വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്.

## വനിതാ കമ്മീഷൻ അദാലത്ത് 25ന് ഇടുക്കിയിൽ

കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന ഇടുക്കി ജില്ലാ അദാലത്ത് 2024 സെപ്തംബർ 25ന് നടക്കും. ഇടുക്കി മൂന്നാർ ഗ്രാമപഞ്ചായത്ത് ഹാളിൽ രാവിലെ 10നാണ് അദാലത്ത് ആരംഭിക്കുന്നത്. കേരള വനിതാ കമ്മീഷന് പരാതി നൽകന്നതിന് കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിലും സൗകര്യം ഒരുക്കിയിട്ടുണ്ട്.

## സർക്കാർ ഡയറിയുടെ കരട് പ്രസിദ്ധീകരിച്ചു

2025ലെ സർക്കാർ ഡയറിയുടെ കരട് സർക്കാർ ഔദ്യോഗിക വെബ്സൈറ്റായ https://kerala.gov.in ലും പൊതുഭരണ വകുപ്പിന്റെ വെബ്സൈറ്റായ https://gad.kerala.gov.in ലും പ്രസിദ്ധീകരിച്ചു. പൊതുഭരണ വകുപ്പ് പുറത്തിറക്കിയ സർക്കുലറിൽ നിർദേശിച്ച പ്രകാരം വകുപ്പുകളിൽ നിന്നും ഓഫീസുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഓൺലൈനായി നൽകിയ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് സർക്കാർ ഡയറിയുടെ കരട് പ്രസിദ്ധീകരിക്കുന്നത്. വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി മാറ്റങ്ങളോ തിരുത്തലുകളോ ഉണ്ടെങ്കിൽ അവ സെപ്റ്റംബർ 30 നകം keralagovernmentdiary@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്. ഡയറിയിൽ ഉൾപ്പെട്ടിട്ടുള്ള അതാത് വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ വിവരങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം വകുപ്പിന്റെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ മേലധികാരിയ്ക്ക് ആയിരിക്കും എന്നും സർക്കുകലറിൽ അറിയിച്ചു.

## പ്രൊഫഷണൽ ഡിപ്ലോമാ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ ആൻഡ് പാരാമെഡിക്കൽ കോഴ്സ് പ്രവേശനം

സർക്കാർ/സ്വാശ്രയ സ്ഥാപനങ്ങളിലെ 202425 വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമാ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ ആൻഡ് പാരാമെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചു. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ ഠഠഠ.ഹയരെലിുേ.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സെപ്റ്റംബർ 24 മുതൽ ഒക്ടോബർ 15 വരെ അപേക്ഷിക്കാം.

അപേക്ഷകർ ഓൺലൈൻ മുഖേനയോ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ അപേക്ഷാഫീസ് അടയ്ക്കണം. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 600 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 300 രൂപയുമാണ്. ഓൺലൈൻ അപേക്ഷയുടെ ഫൈനൽ കൺഫർമേഷൻ ഒക്ടോബർ 17 ന് മുൻപ് ചെയ്തിരിക്കണം. സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസും വിജ്ഞാപനവും എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.

## ആര്യനാട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഡോക്ടറെ സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം ആര്യനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ. ഡി. നെൽസണെ സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങൾ ലംഘിച്ച് ഔദ്യോഗിക ഡ്യൂട്ടി സമയത്ത് ജോലിക്ക് ഹാജരാകാതെ സ്വകാര്യ പ്രാക്ടീസ് നടത്തിയതിന് അച്ചടക്ക നടപടിക്കും തുടർ അന്വേഷണത്തിനും വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു. ഇതുസംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരമായിരുന്നു നടപടി.

# മാധ്യമപ്രവർത്തനത്തിന്റെ മാനം മാറുന്നു, വയനാട്ടിലെ വ്യാജവാർത്തയ്ക്ക് പിന്നിൽ അജണ്ട: മുഖ്യമന്ത്രി

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട കണക്കുകൾ മാധ്യമങ്ങൾ തെറ്റായി പ്രചരിപ്പിച്ചതിന് പിന്നിൽ അജണ്ടയുണ്ടെന്നും അത് നാടിനും ജനങ്ങൾക്കുമെതിരാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. അനർഹമായ കേന്ദ്ര സഹായം തട്ടിയെടുക്കാൻ സംസ്ഥാനം ശ്രമിക്കുന്നു എന്ന വ്യാജ കഥ വലിയൊരു വിഭാഗം ജനങ്ങളുടെ മനസിലേക്ക് കടന്നു കയറി. കേരളീയരും ഇവിടത്തെ സർക്കാരും ജനങ്ങളും ലോകത്തിനു മുന്നിൽ അവഹേളിക്കപ്പെട്ടു. രാജ്യവും ലോകമാകെയും പ്രകീർത്തിക്കുന്ന തരത്തിലുള്ള രക്ഷാ പ്രവർത്തനമാണ് വയനാട്ടിൽ നാം നടത്തിയതന്നെും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

നാല് മന്ത്രിമാരടങ്ങുന്ന മന്ത്രിസഭ ഉപസമിതി തുടക്കം മുതൽ ദുരന്ത മേഖല കേന്ദ്രീകരിച്ച് പ്രവർത്തിച്ചു. ഒരു മന്ത്രി മുഴുവൻ സമയവും അമ്പതാം ദിവസം വരെ അവിടെ മേൽനോട്ടം വഹിച്ചു. ഒരു തരത്തിലുമുള്ള ആക്ഷേപങ്ങൾക്ക് ഇട നൽകാതെയാണ് ഈ പ്രവർത്തനങ്ങൾ നടന്നത്. അതിന് എല്ലാ ഭാഗത്തു നിന്നും സഹകരണവും പിന്തുണയുമുണ്ടായി. ആ പിന്തുണ തകർക്കുകയും സഹായം തടയുകയും ചെയ്യുക എന്ന അജണ്ടയാണ് ഇപ്പോൾ പുറത്തുവന്ന വ്യാജ വാർത്തയ്ക്കു പിന്നിൽ പ്രവർത്തിച്ചത്. ദുരിതാശ്വാസ നിധിയിലേക്ക് കൈയയച്ച് സംഭാവന നൽകുന്ന സാധാരണ ജനങ്ങളെ അതിൽ നിന്ന് പിന്തിരിപ്പിക്കുക എന്ന ദുഷ്ട ലക്ഷ്യമാണ് മറ്റൊരു വശം.

വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിൽ ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും എല്ലാത്തരത്തിലുള്ള സഹായങ്ങളും സർക്കാർ ചെയ്തു വരികയാണ്. ഇതിനോടകം ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതരായ 131 കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതം നൽകി. മരണപ്പെട്ട 173 പേരുടെ സംസ്കാര ചടങ്ങുകൾക്കായി കുടുംബങ്ങൾക്ക് 10,000 രൂപ വീതം നൽകി. ദുരന്തത്തിൽ ഗുരുതരമായി പരിക്കേറ്റ് ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം ആവശ്യമായി വന്ന 26 പേർക്ക് 17,16,000 രൂപ സഹായമായി നൽകി. ദുരന്തത്തിൽ പരുക്കേറ്റ് ഒരാഴ്ചയിൽ താഴെ മാത്രം ആശുപത്രിയിൽ കഴിഞ്ഞ എട്ട് പേർക്കായി 4,43,200 രൂപ ചെലവഴിച്ചു. ദുരന്ത ബാധിതരായ 1013 കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ വീതം നൽകി. ദുരന്ത ബാധിത കുടുംബങ്ങളിലെ 1694 പേർക്ക് ഉപജീവന സഹായമായി ദിവസം 300 രൂപ വീതം നൽകി. 30 ദിവസത്തേക്ക് 1,52,46,000 രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്. കിടപ്പ് രോഗികളായ 33 ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പ്രത്യേക ധനസഹായമായി 2.97 ലക്ഷം രൂപ നൽകി. 722 കുടുംബങ്ങൾക്ക് പ്രതിമാസ വാടക 6000 രൂപ വീതം നൽകി വരുന്നു. 649 കുടുംബങ്ങൾക്ക് ഫർണിച്ചർ ഉൾപ്പെടെയുള്ള ബാക്ക് റ്റു ഹോം കിറ്റുകളും നൽകി. ഇത് കൂടാതെ ദുരിതാശ്വാസ ക്യാമ്പിലെ 794 കുടുംബങ്ങളെ 28 ദിവസം കൊണ്ട് താൽക്കാലികമായി പുനരധിവസിപ്പിച്ചു.

ഉരുൾ പൊട്ടലിൽ തകർന്ന മുണ്ടക്കൈ സർക്കാർ എൽ പി സ്കൂളും വെള്ളാർമല സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും മേപ്പാടിയിൽ താൽക്കാലികമായി തുറന്നു. ദുരന്തമേഖലയിലെ 607 വിദ്യാർത്ഥികളുടെ പഠനം പുനരാരംഭിച്ചു. ദുരന്തത്തിൻറെ അമ്പതാം ദിവസം തേയില ത്തോട്ടങ്ങളിൽ ജോലി പുനരാരംഭിച്ചു.

'അസത്യം പറക്കുമ്പോൾ സത്യം അതിന്റെ പിന്നാലെ മുടന്തുകയാണ് ചെയ്യുക' എന്ന് പ്രശസ്ത എഴുത്തുകാരൻ ജോനാഥൻ സ്വിഫ്റ്റ് പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാകുന്നത് കണ്ടു. ദുരന്ത നിവാരണത്തിന് അടിയന്തര അധിക ധനസഹായം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സംസ്ഥാനം മെമ്മോറാണ്ടം സമർപ്പിച്ചു. ആ മൊമ്മോറാണ്ടത്തിലെ കണക്കുകൾ ചെലവിന്റെ കണക്കായി വ്യാഖ്യാനിച്ചാണ് വ്യാജ വാർത്ത ഉണ്ടാക്കിയത്. ഏതുവിധേനയും സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്തുക എന്ന ലക്ഷ്യം നേടുന്ന ത്വരയിൽ ദുരന്തത്തിന്റെ ഇരകളായ മനുഷ്യരെയാണ് ദ്രോഹിച്ചിരിക്കുന്നത്.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് തയ്യാറാക്കിയ മെമ്മോറാണ്ടമാണ് കേരളം നൽകിയത്. അതിനെ ദുർവ്യാഖ്യാനം ചെയ്ത് ധൂർത്തും അഴിമതിയുമാണെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സർക്കാരിനെതിരെ തിരിക്കാനാണ് വ്യാജവാർത്തക്കാർ ആഗ്രഹിച്ചത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാത്രമേ മെമ്മോറാണ്ടം വഴി ധനസഹായം ചോദിക്കാൻ സാധിക്കൂ. മെമ്മോറാണ്ടം തയ്യാറാക്കുന്നത് മന്ത്രിമാരല്ല. അതിനായി പരിശീലനം ലഭിച്ച പ്രൊഫെഷണലുകൾ ആണ്.

എസ്.ഡി.ആർ.എഫ് ചെലവഴിക്കാൻ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങളുണ്ട്. ഇത് രണ്ട് തരത്തിലാണ് ചെലവഴിക്കാനാവുക. ഒന്ന് മുൻകൂട്ടി നിശ്ചയിക്കപ്പെട്ട യൂണിറ്റ് കോസ്റ്റ് വെച്ച് കൊണ്ട്. മറ്റൊന്ന് എത്രയാണോ യഥാർത്ഥചെലവ് അതിന്റെ ആക്ചൽസ് അഥവാ അത് മുഴുവനായി തന്നെ. ഒരു വീട് നഷ്ടപ്പെട്ടാൽ അത് എത്ര ലക്ഷങ്ങൾ വിലയുള്ളത് ആണെങ്കിലും പരമാവധി എസ്.ഡി.ആർ.എഫിൽ നിന്ന് നൽകാൻ സാധിക്കുക 1.3 ലക്ഷം രൂപ മാത്രമാണ്. ഒരു കിലോമീറ്റർ റോഡിന് ഒരു ലക്ഷം രൂപ, ഒരു സ്കൂളിന് രണ്ട് ലക്ഷം രൂപ തുടങ്ങിയവ ആണ് എസ്.ഡി.ആർ.എഫിൽ നിശ്ചയിച്ചിരിക്കുന്നത്. കേരളത്തിൽ ഒരു വീടിന് ഏറ്റവും ചുരുങ്ങിയത് നാല് ലക്ഷം രൂപ സംസ്ഥാന സർക്കാർ നൽകി വരുന്നത് എസ്.ഡി.ആർ.എഫിനു പുറമെ ജനങ്ങൾ സംഭാവന നൽകിയ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി കൂടി ഉപയോഗിച്ചാണ്.

മെമ്മോറാണ്ടം തയ്യാറാക്കുന്ന ഘട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ മുന്നിൽ ഇവയുടെ ഒന്നും ചെലവുകളുടെ യഥാർത്ഥ ബില്ലുകൾ ലഭ്യമായിട്ടില്ല. നടക്കുന്ന രക്ഷാപ്രവർത്തനവും അത് എത്ര നാൾ തുടരാൻ സാധ്യതയുണ്ട് എന്നതിന്റെയും അടിസ്ഥാനത്തിൽ ഒരു പ്രോജെക്ടഡ് തുക തയ്യാറാക്കി സമർപ്പിക്കാനാണ് സാധിക്കുക. മേപ്പാടിയിലെ രക്ഷാപ്രവർത്തനവുമായി ബന്ധപ്പെട്ട് കേന്ദ്ര സേനകൾക്ക് ഉണ്ടായ ചെലവുകൾ, അവരുപയോഗിച്ച അത്യാധുനിക ഉപകരണങ്ങൾക്കും സംവിധാനങ്ങൾക്കും ഉൾപ്പെടെയുള്ള ചെലവുകൾ തുടങ്ങിയവ എല്ലാം ബില്ലുകൾ ആയി പിന്നീടാണ് വരിക.

മൃതദേഹങ്ങൾ സംസ്കരിക്കാൻ വേണ്ട ചെലവ് കണക്കാക്കുമ്പോൾ, അതിന് ആവശ്യമായ ഭൂമി വാങ്ങുക, ആ ഭൂമി ഇതിനായി തയ്യാറാക്കുക, അവിടെ കുഴികൾ എടുക്കാൻ ആവശ്യമായ യന്ത്രങ്ങളും സാമഗ്രികളും മനുഷ്യവിഭവവും ലഭ്യമാക്കുക, ഓട്ടോപ്സി നടപടികൾക്ക് ആവശ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുക, മൃതദേഹങ്ങൾ തിരിച്ചറിയുന്ന ഘട്ടത്തിൽ അവ മാർക്ക് ചെയ്യാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കുക, ഇവ ട്രാൻസ്പോർട്ട് ചെയ്യുക തുടങ്ങിയ ഘടകങ്ങൾ വിലയിരുത്തി കൊണ്ട് വേണം ചെലവ് കണക്കാക്കാൻ. വയനാട്ടിൽ 128 പേരെ ഇനിയും കണ്ടെത്താൻ ഉണ്ടെന്നുള്ള കാര്യം കൂടി മുൻകൂട്ടി കാണണം. അവ ശരീര ഭാഗങ്ങളായി ആണ് ലഭ്യമാകുന്നത് എങ്കിൽ അവയെ ഓരോന്നിനെയും ഓരോ മൃതദേഹമായി തന്നെ കണ്ട് സംസ്കരിക്കണമെന്നതാണ് സർക്കാർ സ്വീകരിച്ച നയം. അതിന് അധിക ഭൂമി ആവശ്യമെങ്കിൽ വില കൊടുത്തു വാങ്ങേണ്ടി വരും. അതിനെല്ലാം പ്രതീക്ഷിക്കുന്ന ചെലവാണ് മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തുക.

വിമാനക്കൂലി മുതൽ കേന്ദ്രസേനയെയും ഉപകരണങ്ങളെയും കണ്ണൂരിലെയും കരിപ്പൂരിലെയും എയർപോർട്ടിൽ നിന്നും ദുരന്ത സ്ഥലത്ത് എത്തിക്കാനും തിരിച്ചയക്കാനുമുള്ള ചെലവുകൾ, പോലീസ്, ഫയർഫോഴ്സ്, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ താമസവും ഭക്ഷണവും യാത്രാച്ചെലവും, സന്നദ്ധ പ്രവർത്തകരുടെ കൂട്ടത്തിൽ കേരളത്തിലെ വിവിധയിടങ്ങളിൽ നിന്ന് സർക്കാർ പരിശീലനം കിട്ടിയ ആപ്ത മിത്ര സിവിൽ ഡിഫൻസ് വളണ്ടിയർമാർ ഇതെല്ലാം കണക്കിലെടുക്കണം. കേരളത്തിലെ വിവിധ രാഷ്ട്രീയ യുവജന സംഘടനകൾ ഉൾപ്പടെ വിവിധ സന്നദ്ധ സംഘടനകൾ നിസ്വാർത്ഥമായ സേവനം ദുരന്ത ബാധിത പ്രദേശത്ത് ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇങ്ങനെ എല്ലാം ജനങ്ങൾ ചെയ്തു കൊള്ളും എന്ന് കേന്ദ്രത്തോട് പറയാനാകില്ല. ഇതെല്ലാം പരിഗണിച്ചു വേണം മെമ്മോറാണ്ടത്തിലെ ഓരോ വരിയും തയ്യാറാക്കാൻ. നിർഭാഗ്യവശാൽ ഇതിനെ കുറിച്ചു അജ്ഞരായവരോ അങ്ങനെ നടിക്കുന്നവരോ ആയി ഇവിടുത്തെ ഒരു കൂട്ടം മാധ്യമങ്ങൾ മാറി എന്നതാണ് വസ്തുത. മാധ്യമപ്രവർത്തനത്തിന്റെ മാനം മാറുന്നു എന്നാണ് പുതിയ സംഭവങ്ങളിൽ നിന്ന് മനസിലാക്കേണ്ടത്.

ജനങ്ങൾക്ക് വലിയ തോതിൽ ഉപകാരപ്രദമാകുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയെ തകർക്കാനും ബോധപൂർവമായ ചില ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. സുതാര്യവും സുഗമവും ആയി പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി. അത് ഇല്ലാതായാൽ പാവപ്പെട്ട ജനങ്ങൾക്ക് ചികിത്സാ സഹായം ഇല്ലാതാകും. രോഗബാധിതരുടെ ചികിത്സയ്ക്ക് തടസമുണ്ടാകും. ഈ ദുരവസ്ഥ നമ്മുടെ നാടിനുണ്ടാകരുത്.

കേരളത്തിന് അർഹമായ സഹായം എത്രയും വേഗം ലഭ്യമാക്കാനുള്ള ഇടപെടലാണ് നാടിനെയും ജനങ്ങളെയും സ്നേഹിക്കുന്ന എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുക. മാധ്യമങ്ങൾ ആ ഉത്തരവാദിത്തം നിറവേറ്റാൻ തയാറാകണമെന്നും അദ്ദേഹം പറഞ്ഞു.

## ഇറാനിൽ കൽക്കരി ഖനിയിൽ സ്ഫോടനം; 51 മരണം

ടെഹ്റാൻ: ഇറാനിൽ കൽക്കരി ഖനിയിൽ മീഥെയ്ൻ വാതക ചോർച്ചയെ തുടർന്നുണ്ടായ സ്ഫോടനത്തിൽ 51 പേർ മരിച്ചു. 20 പേർക്ക് പരിക്കേറ്റു. ഇറാനിലെ ദക്ഷിണ ഖൊറാസാൻ പ്രവിശ്യയിലാണ് സ്ഫോടനമുണ്ടായത്. പ്രദേശിക സമയം ശനിയാഴ്ച രാത്രി ഒൻപതിനാണ് സ്ഫോടനമുണ്ടായത്.മദഞ്ചു കന്പനി നടത്തുന്ന ഖനിയിലെ ബി, സി എന്നീ രണ്ട് ബ്ലോക്കുകളിലാണ് സ്ഫോടനമുണ്ടായത്. രാജ്യത്തിന്റെ കൽക്കരിയുടെ 76 ശതമാനം ഈ മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. മദഞ്ചു കന്പനി ഉൾപ്പെടെ പത്ത് വൻകിട കന്പനികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.ബി ബ്ലോക്കിലെ രക്ഷാപ്രവർത്തനം പൂർത്തിയായി. ബ്ലോക്കിലുണ്ടായിരുന്ന 47 തൊഴിലാളികളിൽ 30 പേർ മരിക്കുകയും 17 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ദക്ഷിണ ഖൊറാസാൻ ഗവർണർ അലി അക്ബർ റഹ്മി അറിയിച്ചു. സി ബ്ലോക്കിൽ രക്ഷാപ്രവർത്തനം ആരംഭിച്ചു. ബ്ലോക്കിൽ മീഥെയ്ൻ സാന്ദ്രത കൂടുതലാണെന്നും പ്രവർത്തനം ഏകദേശം 34 മണിക്കൂർ എടുക്കുമെന്നും അലി അക്ബർ റഹ്മി പറഞ്ഞു.സ്ഫോടനം നടക്കുന്പോൾ ബ്ലോക്കുകളിൽ 69 തൊഴിലാളികൾ ഉണ്ടായിരുന്നുവെന്ന് സ്റ്റേറ്റ് ടിവി റിപ്പോർട്ട് ചെയ്തു.

## ശ്രീലങ്കയെ നയിക്കാൻ അനുര കുമാര

കൊളംബോ: ശ്രീലങ്കയുടെ ഒമ്പതാമത്തെ പ്രസിഡൻറായി ഇടതുസഖ്യമായ നാഷണൽ പീപ്പിൾസ് പവർ നേതാവ് അനുര കുമാര ദിസനായകയെ തെരഞ്ഞെടുത്തു. ശ്രീലങ്കയിലെ മാർക്സിസ്റ്റ് ജനത വിമുക്തി പെരമുന പാർട്ടി നേതാവായ ഈ 56 കാരൻ സാമൂഹ്യസംഘടനകളും പ്രൊഫഷണലുകളും ബുദ്ധഭിക്ഷുക്കളും വിദ്യാർഥികളുമടങ്ങുന്ന നാഷണൽ പീപ്പിൾസ് പവർ (എൻപിപി) എന്ന വിശാലസഖ്യത്തിലൂടെയാണ് അധികാരത്തിലെത്തിയത്.പുതിയ പ്രസിഡൻറ് ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുമെന്ന് എൻപിപി നേതൃത്വം അറിയിച്ചു. രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി വോട്ടെണ്ണൽ രണ്ടാംറൗണ്ടിലേക്കു നീണ്ട തെരഞ്ഞെടുപ്പിൽ മുഖ്യ എതിരാളി സമാഗി ജന ബാലവിഗെയ (എസ്ജെബി) നേതാവ് സജിത് പ്രമേദാസയെ ഉയർത്തിയ കനത്ത വെല്ലുവിളിയെ എൻപിപി സഖ്യം മറികടക്കുകയായിരുന്നു.

നിലവിലുള്ള പ്രസിഡൻറ് റനിൽ വിക്രമസിംഗെ വോട്ടെണ്ണലിന്റെ ആദ്യ റൗണ്ടിൽത്തന്നെ പരാജയപ്പെട്ടു.സാന്പത്തിക പ്രതിസന്ധിയെത്തുടർന്ന് 2022 ൽ പ്രസിഡൻറ് ഗോട്ടഭയ രാജപക്സെയെ അധികാരഭ്രഷ്ടനാക്കിയ കലാപത്തിനുശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിലാണ് ജനത ഇടതുപക്ഷത്തിനൊപ്പം നിന്നത്. 1987 ലെ ഇന്ത്യാലങ്കകരാർ ഉൾപ്പെടെ ജെവിപി ശക്തിയുക്തം എതിർത്തിരുന്നു. ഈ വർഷം ഫെബ്രുവരിയിൽ ദിസനായകെ ഇന്ത്യ സന്ദർശിച്ചിരുന്നു. ഇന്ത്യയോടുള്ള പാർട്ടി നിലപാട് തിരുത്തി എന്നാണ് ഇതു വ്യക്തമാക്കുന്നത്.സാന്പത്തിക പ്രതിസന്ധിയിൽനിന്ന് രാജ്യത്തെ കരകയറ്റുക എന്ന ദുഷ്കരദൗത്യമാണു പുതിയ പ്രസിഡൻറിന്റെ മുന്നിലുള്ളത്. ഇന്ത്യാ വിരുദ്ധ നിലപാടുകൾ മുഖമുദ്രയായിരുന്ന ജെവിപി 1990 കളുടെ അവസാനമാണ് തെരഞ്ഞെടുപ്പ് രാഷ്ട്രീയവുമായി സഹകരിച്ചുതുടങ്ങിയത്.

## ലോകത്തിലെ ഏറ്റവും ഉയരമുള്ള ക്രിസ്തുപ്രതിമ ഇനി ഇന്തോനേഷ്യക്കു സ്വന്തം

ജക്കാർത്ത: ലോകത്തിൽ ഏറ്റവും ഉയരമുള്ള ക്രിസ്തുപ്രതിമ ഇനി മുസ്‌ലിം ഭൂരിപക്ഷ രാജ്യമായ ഇന്തോനേഷ്യക്കു സ്വന്തം. 61 മീറ്റർ ഉയരമുള്ള പ്രതിമ നോർത്ത് സുമാത്ര പ്രവിശ്യയിലെ സമോസിർ റീജൻസിയിലെ തോബ തടാകത്തിനു സമീപമുള്ള സിബിയാബിയ കുന്നിലാണു സ്ഥാപിച്ചത്.കഴിഞ്ഞദിവസം ഇന്തോനേഷ്യൻ ബിഷപ്സ് കോൺഫറൻസ് പ്രസിഡൻറ് ആർച്ച്ബിഷപ് ഡോ.അൻറോണിയസ് സുബിയാൻറോ ബെഞ്ചമിൻ ഇതിന്റെ ആശീർവാദവും ഉദ്ഘാടനവും നിർവഹിച്ചു.

ഈ കുന്ന് ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കുകയാണെന്നും ആളുകളുടെ വിശ്വാസം ശക്തിപ്പെടാൻ ഈ സ്ഥലം നിമിത്തമാകുമെന്നും ആർച്ച്ബിഷപ് പറഞ്ഞു. ബ്രസീലിലെ റിയോ ഡി ജനീറോയിലെ ക്രൈസ്റ്റ് ദ റിഡീമർ പ്രതിമയേക്കാൾ 20 മീറ്റർ ഉയരം ഈ പ്രതിമയ്ക്ക് കൂടുതലുണ്ട്. ക്രൈസ്റ്റ് ദ റിഡീമർ പ്രതിമയുടെ ഉയരം 39.6 മീറ്ററാണ്.കഴിഞ്ഞ ആറിന് ഇന്തോനേഷ്യൻ സന്ദർശനത്തിനിടെ ജക്കാർത്തയിലെ വത്തിക്കാൻ സ്ഥാനപതി കാര്യാലയത്തിൽ വച്ച് ഈ പ്രതിമയുടെ ചെറുപതിപ്പ് ഫ്രാൻസിസ് മാർപാപ്പയെ കാണിക്കുകയും മാർപാപ്പ അത് ആശീർവദിക്കുകയും ചെയ്തിരുന്നു.പ്രതിമയ്ക്കു താഴെയായി ആലേഖനം ചെയ്ത പ്രാർഥനയിൽ മാർപാപ്പയുടെ ഒപ്പും ചേർത്തിട്ടുണ്ട്. മേഡൻ അതിരൂപതയും സിബോൾഗ രൂപതയും ഉൾപ്പെടുന്ന നോർത്ത് സുമാത്ര, ഇന്തോനേഷ്യയിൽ ഏറ്റവും കൂടുതൽ ക്രൈസ്തവരുള്ള പ്രദേശങ്ങളിലൊന്നാണ്. ഇവിടുത്തെ 15 ദശലക്ഷം ജനസംഖ്യയിൽ 1.1 ദശലക്ഷം കത്തോലിക്കരുണ്ട്. 4.01 ദശലക്ഷം പ്രോട്ടസ്റ്റൻറുകാരുമുണ്ട്.

## ഗംഗാവലിപ്പുഴയിൽനിന്ന് ക്രാഷ് ഗാർഡ് കണ്ടെത്തി; അർജുന്റെ വാഹനത്തിൻറേതെന്ന് സ്ഥിരീകരണം

ഷിരൂർ: കർണാടകയിലെ ഷിരൂരിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനു വേണ്ടിയുള്ള തിരച്ചിലിനിടെ ലോറിയുടെ ക്രാഷ് ഗാർഡ് ഗംഗാവലിപ്പുഴയിൽനിന്ന് കണ്ടെത്തി. ഇത് അർജുന്റെ വാഹനത്തിൻറേതാണെന്ന് ലോറിയുടമ മനാഫ് സ്ഥിരീകരിച്ചു. പുഴയിൽനിന്നു മറ്റൊരു ലോഹഭാഗം കൂടി കണ്ടെത്തിയിട്ടുണ്ട്.നേരത്തെ, പൊട്ടി വീണ ഇലക്ട്രിക് ടവറിന്റെ ഒരുഭാഗവും ഒരു കെട്ട് കയറും കണ്ടെത്തിയിരുന്നു.

നാവിക സേനാ സംഘം മാർക്ക് ചെയ്ത പോയിൻറ്2 വിൽ നടന്ന തിരച്ചിലിലാണ് കയറുൾപ്പെടെയുള്ളവ കണ്ടെത്തിയത്. ഇനിയും നീളത്തിൽ കയർ ഉണ്ടെന്നും ഇതിന്റെ അറ്റം പിടിച്ച് പോയാൽ ലോറിയിലേക്ക് എത്താനാകുമെന്നാണ് പ്രതീക്ഷയെന്നും മനാഫ് പറയുന്നു.ഇതേ പോയിൻറിൽ നടത്തിയ തിരച്ചിലിൽ ലക്ഷ്മണന്റെ ചായക്കടയുടെ ഷീറ്റ് കണ്ടെത്തിയിരുന്നു. പിന്നാലെ തോൾ സഞ്ചിയും ലഭിച്ചിട്ടുണ്ട്. അതേസമയം, കഴിഞ്ഞ ദിവസം നടത്തിയ തിരച്ചിലിൽ ലഭിച്ച അസ്ഥിയുടെ ഭാഗം ഇന്ന് ഡിഎൻഎ പരിശോധനയ്ക്കായി ഐഎഫ്എസ്എല്ലിലേക്ക് അയക്കും. ഫലം ലഭ്യമാകാൻ അഞ്ചു ദിവസത്തോളം സമയം എടുക്കും.

## എംപോക്സ് :രോഗലക്ഷണങ്ങൾ ഉണ്ടായാൽ അടിയന്തരമായി അറിയിക്കണമെന്ന് ഡി.എം.ഒ

### വിമാനത്താവളത്തിൽ പ്രത്യേക നിരീക്ഷണ സംവിധാനങ്ങൾ

എംപോക്സ് റിപ്പോർട്ട് ചെയ്യപ്പെട്ട രാജ്യങ്ങളിൽ നിന്നെത്തുന്നവർ താമസസ്ഥലത്തിന് സമീപത്തുള്ള ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് വിവരങ്ങൾ നൽകണമെന്നും രോഗലക്ഷണങ്ങളുണ്ടായാൽ അടിയന്തരമായി അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ ചികിത്സ തേടണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ചികിത്സ തേടുന്ന ഡോക്ടറിനെ യാത്രാവിവരം അറിയിക്കണം.

തിരുവനന്തപുരം വിമാനത്താവളത്തിൽ ഇതിനായി പ്രത്യേക നിരീക്ഷണ സംവിധാനം ഒരുക്കിയിട്ടുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടായാൽ എയർപോർട്ടിൽ റിപ്പോർട്ട് ചെയ്യണം. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ അനുസരിച്ചുള്ള ഐസൊലേഷൻ, സാമ്പിൾ കളക്ഷൻ, ചികിത്സ തുടങ്ങിയ സംവിധാനങ്ങൾ വിമാനത്താവളത്തിൽ ഉറപ്പു വരുത്തിയിട്ടുണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഫീൽഡ് തല നിരീക്ഷണ സംവിധാനങ്ങളും ഊർജ്ജിതമാക്കിയിട്ടുണ്ട്.

***രോഗലക്ഷണങ്ങൾ***

പനി, തീവ്രമായ തലവേദന, കഴലവീക്കം, നടുവേദന, പേശി വേദന, ഊർജ്ജക്കുറവ് എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ.

പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ദേഹത്ത് കുമിളകളും ചുവന്ന പാടുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങും. മുഖത്തും കൈകാലുകളിലുമാണ് കൂടുതൽ കുമിളകൾ കാണപ്പെടുന്നത്. ഇതിന് പുറമെ കൈപ്പത്തി, ജനനേന്ദ്രിയം, കണ്ണുകൾ എന്നീ ശരീരഭാഗങ്ങളിലും ഇവ കാണപ്പെടും.

രോഗം ബാധിച്ച വ്യക്തിയുമായി മുഖാമുഖം വരുമ്പോഴും, സ്പർശനം, ലൈംഗികബന്ധം എന്നിവയിലൂടെയും രോഗി ഉപയോഗിച്ച കിടക്ക, വസ്ത്രം, പാത്രങ്ങൾ, മൊബൈൽ തുടങ്ങിയവ പങ്കിടുന്നതിലൂടെയും എംപോക്സ് പകരും.

സുരക്ഷാ മാർഗങ്ങൾ അവലംബിക്കാതെ അസുഖ ബാധിതരുമായി അടുത്തിടപഴകുന്നവർക്കാണ് എംപോക്സ് ഉണ്ടാകുന്നത് . വൈറസ് ബാധയുണ്ടെന്ന് സംശയിക്കുന്നതോ സ്ഥിരീകരിച്ചതോ ആയ രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകരും രോഗബാധിതരുടെ സ്രവങ്ങൾ കൈകാര്യം ചെയ്യുന്നവരും രോഗപ്പകർച്ച ഒഴിവാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള അണുബാധ നിയന്ത്രണ മുൻകരുതലുകൾ നിർബന്ധമായും സ്വീകരിക്കണമെന്നും അറിയിപ്പിൽ പറയുന്നു.

കൂടുതൽ വിവരങ്ങൾക്ക് ദിശ : 104, 1056, 0471 2552056

കൺട്രോൾ റൂം (ഡി എം ഒ ഓഫീസ്) : 9072055900

## തൊഴിലധിഷ്ഠിത കോഴ്സിലേക്ക് കെൽട്രോണിൽ അഡ്മിഷൻ

കെൽട്രോൺ രൂപകൽപ്പന ചെയ്തിരിക്കുന്ന പ്രൊഫണൽ ഡിപ്ലോമ ഇൻ ജനറേറ്റീവ് എഐഎൻഹാൻസ്ഡ് ന്യൂ മീഡിയ ആൻഡ് വെബ് സൊലൂഷൻസ് (GAINEWS) എന്ന തൊഴിലധിഷ്ഠിത കോഴ്സിലേക്കുള്ള പ്രവേശനം ആരംഭിച്ചു. ഒക്ടോബർ മാസം 14ന് ആരംഭിക്കുന്ന കോഴ്സിലേക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ബാച്ചിലും 20 പേർക്കാണ് അഡ്മിഷൻ ലഭ്യമാകുക. കെൽട്രോണിന്റെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം (കുറ്റിപ്പുറം) നോളജ് സെന്ററുകളാണ് പഠനകേന്ദ്രങ്ങൾ.

ഏതെങ്കിലും വിഷയത്തിൽ ബിരുദം അല്ലെങ്കിൽ മൂന്നുവർഷം ഡിപ്ലോമ അടിസ്ഥാന യോഗ്യതയുള്ളവർക്ക് ഈ കോഴ്സിലേക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്. മൂന്നു മാസമാണ് കോഴ്സിന്റെ കാലാവധി. കൂടുതൽ വിവരങ്ങൾക്കായി 8590368988, 9995668444 9188665545 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

പ്രായോഗിക പരിശീലനത്തിനു ഊന്നൽ നൽകി ഡിജിറ്റൽ മീഡിയയിലെ പുതിയ തലങ്ങളും സാധ്യതകളും നിർമിത ബുദ്ധിയിലെ പരിശീലനവും നൽകുന്നു. ഓൺലൈൻ പത്രവാർത്തകളുടെ പ്രചാരണ വിനിമയ തന്ത്രങ്ങൾ, വിവിധ ബ്രാണ്ടിംഗ് രീതികൾ, റെപ്യൂട്ടേഷൻ മാനേജ്മെന്റ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ഉപയോഗപ്പെടുത്തിയുള്ള സെർച്ച് ആൻഡ് ഡിസ്പ്ലെ അഡ്വെർടൈസിങ്, ഓൺലൈൻ പബ്ലിക് റിലേഷൻസ്, കമ്മ്യൂണിറ്റി മാനേജ്മെന്റ് ടെക്നിക്കൽ വെബ് ജേർണലിസം (ടെക്നിക്കൽ വെബ് ജേർണലിസം) വെബ് ഓഡിറ്റിംഗ്, ഓൺലൈൻ വഴി വിനിമയം ചെയ്യപ്പെട്ട വിവരങ്ങളുടെ ഗതി, പ്രവണത, സാധ്യതൾ, വിശകലനം ചെയ്യുന്നതിനുള്ള ട്രെൻഡ് അനാലിസസ്, സോഷ്യൽ മീഡിയ സെർച്ച് എൻജിൻ അൽഗോരിതമുകളുടെ ഉപയോഗം എന്നിവ കോഴ്സിന്റെ ഭാഗമാണ്.

മാർക്കറ്റിംഗിന്റെ ഏറ്റവും നൂതന തലങ്ങളായ പെർഫോർമൻസ് മാർക്കറ്റിംഗ്, ഇൻഫ്ലുവെൻസർ മാർക്കറ്റിംഗ്, ബിഹേവിയറൽ അഡ്വെർടൈസിങ്, വീഡിയോ മാർക്കറ്റിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നീ മേഖലകളിൽ വൈദഗ്ധ്യം നേടാൻ പ്രൊഫണൽ ഡിപ്ലോമ ഇൻ ജനറേറ്റീവ് എഐഎൻഹാൻസ്ഡ് ന്യൂ മീഡിയ ആൻഡ് വെബ് സൊലൂഷൻസ് എന്ന കോഴ്സ് സഹായിക്കുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വന്യജീവി വാരാഘോഷം: ജില്ലാതല മത്സരങ്ങൾ ഒക്ടോബർ രണ്ടിനും മൂന്നിനും

വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് വിദ്യാർഥികൾക്കായുള്ള ജില്ലാതല മത്സരങ്ങൾ ഒക്ടോബർ രണ്ട്, മൂന്ന് തീയതികളിലായി വകുപ്പിന്റെ രാജീവ് ഗാന്ധി നഗർ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി കോപ്ലംക്സിലെ ജില്ലാ വന വിജ്ഞാന വ്യാപനകേന്ദ്രത്തിൽ നടക്കും. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർഥികൾക്കായി പ്രകൃതിയേയും, വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും, സർക്കാർ അംഗീകൃത ഹൈസ്കൂൾ/ ഹയർസെക്കഡറി സ്കൂൾ/ കോളേജ് വിദ്യാർഥികൾക്കായി ക്വിസ്, ഉപന്യാസം (മലയാളം, ഇംഗ്ലീഷ്), പ്രസംഗം (മലയാളം), പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും ജില്ലാതല മൽസരങ്ങൾ സംഘടിപ്പിക്കും. സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള മത്സരാർഥികളെ മാത്രമേ മത്സരത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ.

പൊതുജനങ്ങൾക്കായി സംസ്ഥാനതലത്തിൽ പോസ്റ്റർ ഡിസൈനിംഗ് മൽസരവും സംഘടിപ്പിക്കുന്നുണ്ട്. മൽസരങ്ങളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സ്കൂൾ/ കോളേജ് മേധാവികളിൽ നിന്നുള്ള സാക്ഷ്യപത്രം സഹിതം ഒക്ടോബർ രണ്ട്, മൂന്ന് തീയതികളിൽ മത്സരങ്ങൾ തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പായി രജിസ്ട്രേഷൻ കൗണ്ടറിൽ രജിസ്റ്റർ ചെയ്യേണ്ടതും, സമയക്രമം അനുസരിച്ച് സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിലെ ജില്ലാ വന വിജ്ഞാന വ്യാപനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് : 0471 2360462, 9447979135.

# അനധികൃത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിനെതിരെ കർശന നടപടി സ്വീകരിക്കും

പെലാജിക് വല ഉൾപ്പെടെയുള്ള അനധികൃത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് ഫിഷറീസ് ഡയറക്ടർ അറിയിച്ചു. നിരോധിത പെലാജിക് വല ഉപയോഗിച്ച് ട്രോൾബോട്ടുകളും അനധികൃത വലകൾ ഉപയോഗിച്ച് പരമ്പരാഗത മത്സ്യബന്ധന യാനങ്ങളും വ്യാപകമായി മത്സ്യബന്ധനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെലാജിക്ക് വല ഉൾപ്പെടെയുള്ള നിരോധിത വലകളുടെ നിർമ്മാണം, സൂക്ഷിക്കൽ, ഗതാഗതം എന്നിവ കേരള മത്സ്യബന്ധന നിയന്ത്രണ നിയമം (ഗങഎഞ അരഉ) വകുപ്പ് 4 ഉപവകുപ്പ് (1) പരിച്ഛേദം (ഇ) പ്രകാരം നിരോധിച്ചിട്ടുണ്ട്. ചെറുമത്സ്യങ്ങൾ ഉൾപ്പെടെ സംരക്ഷിക്കപ്പെടേണ്ട മത്സ്യങ്ങൾക്ക് വളരെയേറെ നാശം വരുത്തുന്ന ആയതിനാലാണ് പെലാജിക് വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിരിക്കുന്നത്. ഈ വലകൾ ബോട്ടിൽ അല്ലെങ്കിൽ വള്ളത്തിൽ സൂക്ഷിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന യാനങ്ങൾക്കെതിരെ 2.5 ലക്ഷം രൂപ വരെ പിഴ ഈടാക്കുകയും ബോട്ടിലുള്ള മത്സ്യം ലേലം ചെയ്ത് തുക സർക്കാരിലേയ്ക്ക് അടക്കുകയും ചെയ്യും. നിയമലംഘനം നിയന്ത്രണാതീതമാകുന്ന സാഹചര്യത്തിൽ യാനത്തിന്റെ ലൈസൻസ്/സ്പെഷ്യൽ പെർമിറ്റ് റദ്ദ് ചെയ്യുകയോ രജിസ്ട്രേഷൻ റദ്ദുചെയ്യുകയോ ചെയ്യുന്നതാണ്. നിരോധിത വലകൾ നിർമിക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കും.

പെലാജിക് വല ഉൾപ്പെടെയുള്ള നിരോധിത വലകളോ അനധികൃത വലകളോ സൂക്ഷിക്കുകയോ, ഉപയോഗിക്കുകയോ ചെയ്യുന്ന യാനങ്ങളെ കണ്ടെത്തുന്നതിനായി ഫിഷറീസ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവർ സംയുക്തമായി ഹാർബറുകളിലും കടലിലും വ്യാപകമായ പരിശോധനകൾ നടത്തുന്നതും അത്തരം യാനങ്ങളെ കണ്ടുകെട്ടി കർശനമായ നിയമനടപടി എല്ലാ ജില്ലകളിലും സ്വീകരിക്കും.

# നെയ്യാർ ഡാമിന്റെ ജലാശയത്തിൽ മീനുകൾ വിവിധ ഇടങ്ങളിലായി ചത്തുപൊങ്ങുന്നു

വെള്ളറട: ജില്ലയിലെ പ്രധാന ജലസംഭരണിയും ടൂറിസ്റ്റ് കേന്ദ്രവുമായ നെയ്യാർ ഡാമിന്റെ ജലാശയത്തിൽ മീനുകൾ വിവിധ ഇടങ്ങളിലായി ചത്തുപൊങ്ങുന്നതിന്റെ കാരണം ശാസ്ത്രീയ പരീശോധനയിലൂടെ അടിയന്തിരമായി അന്വേഷിച്ച് വ്യക്തതവരുത്തണമെന്ന് സിപിഐ വെള്ളറട മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

ജലാശയത്തിൽ കഴിഞ്ഞ10 മുതലാണ് മത്സ്യങ്ങൾ ചത്തുപൊങ്ങുന്നത് ജനങ്ങളുടെ ഇടയിൽ വലിയ ആശങ്ക സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആറ് പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്ന കാളിപാറ ശുദ്ധജല പദ്ധതി നെയ്യാർ ജലാശയത്തിൽ നിന്നുമാണ് ജലം സംഭരിക്കുന്നത്.

തിരുവനന്തപുരം നഗരത്തിലേക്ക് ഇവിടെ നിന്നും കുടിവെള്ളം എത്തിക്കുന്ന പദ്ധതിയും ആരംഭിച്ചു. രണ്ട് താലൂക്കുകളിലെ ജനങ്ങൾ കുഷിക്കും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന ജലസ്രോതസാണിത്. സംരക്ഷിത മേഖലയായ നെയ്യാർ ജലാശയത്തിൽ മീനുകൾ ചത്തുപൊങ്ങുന്നത് ജനങ്ങൾക്കിടയിൽ ആശങ്ക പടർത്തുന്ന സാഹചര്യമാണ്. ഫിഷറീസ്, വനം, ഇറിഗേഷൻ ഉദ്യോഗസ്ഥർ പരിശോധനടത്തിയെങ്കിലും വ്യക്തത വരുത്താൻ ഉപ്പോഴും കഴിഞ്ഞിട്ടില്ല.

പ്രദേശവാസികളുടെ ആശങ്ക അകറ്റാൻ ശാസ്ത്രീയമായ പരിശോധനയും അന്വേഷണവും അവശ്യമാണ് . സിപിഐ നേതാക്കളും പരിസ്ഥിതി പ്രവർത്തകരും പ്രദേശം സന്ദർശിച്ചു.

യുവകലാസാഹിതി ജില്ലാ സെക്രട്ടറി കെ.പി.ഗോപകുമാർ, സിപിഐ മണ്ഡലം സെക്രട്ടറി വാഴിച്ചൽ ഗോപൻ, കൃഷ്ണ പ്രശാന്ത് , സുകു, മഹേഷ് എന്നിവർ സ്ഥലം സന്ദർശിച്ചു. നെയ്യാർ ജലാശയവും പരിസ്ഥിതിയും സംരക്ഷിക്കാൻ അടിയന്തിരമായ അന്വേഷണവും ശാസ്ത്രീയ പരിശോധനയും വേണമെന്ന് യുവകലാസാഹിതി ജില്ലാ സെക്രട്ടറിയും പരിസ്ഥിതി സബ് കമ്മിറ്റി കൺവീനറുമായ കെ.പി.ഗോപകുമാറും ആവശ്യപ്പെട്ടു.

ജലാശയവും സംരക്ഷിത മേഖലയായ നെയ്യാർ പരിസ്ഥിതിയേയും സംരക്ഷിക്കാൻ ആവശ്യമായ ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് നിവേദനവും സമർപ്പിച്ചു. ജലാശയത്തിൽ നിന്നും മത്സ്യങ്ങൾ ചത്തുപൊങ്ങിയ ഭാഗത്തു നിന്നും ജലത്തിന്റെ സാമ്പിളും ശേഖരിച്ച് പരിശോധനക്ക് നൽകി . പരിസ്ഥിതി സമിതി വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് സ്വന്തം നിലയിലും പരിശോധന നടത്തി ജനങ്ങൾക്ക് വ്യക്തത വരുത്താനാവശ്യമായ നടപടികളും സ്വീകരിക്കുമെന്ന് ആവശ!്യപ്പെട്ടു.

# കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ കാണുന്നതും സൂക്ഷിക്കുന്നതും കുറ്റകരം; നിർണായക വിധിയുമായി സുപ്രീം കോടതി

ന്യൂഡൽഹി: കുട്ടികൾ ഉൾപ്പെട്ട അശ്ലീല ദൃശ്യങ്ങൾ ഡൗൺലോഡ് ചെയ്യുന്നതും സൂക്ഷിക്കുന്നതും പോക്സോ നിയമപ്രകാരം കുറ്റകരമെന്ന് സുപ്രീംകോടതി. വീഡിയോ ഡൗൺലോഡ് ചെയ്യുന്നത് കുറ്റകരമല്ലെന്ന മദ്രാസ് ഹൈക്കോടതി വിധി സുപ്രീംകോടതി റദ്ദാക്കി.

ഏതെങ്കിലും തരത്തിൽ നേട്ടമുണ്ടാക്കാനുള്ള ഉദ്ദേശ്യത്തോടെയാണ് ദൃശ്യങ്ങൾ സൂക്ഷിക്കുന്നത് എന്ന് തെളിയിക്കപ്പെടുകയാണെങ്കിൽ പോക്സോ നിയമത്തിന്റെ പരിധിയിൽ വരുമെന്നും ചീഫ് ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റീസുമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

ചൈൽഡ് പോണോഗ്രഫി എന്ന പദത്തിന് പകരം ചൈൽഡ് സെക്ഷ്വൽ ആൻഡ് എക്സ്പ്ലോറ്റീവ് ആൻഡ് അബ്യൂസ് മെറ്റീരിയൽ എന്ന പ്രയോഗം കൊണ്ട് വരാൻ സുപ്രീംകോടതി കേന്ദ്ര സർക്കാരിനോട് നിർദേശിച്ചു. ഇതിനായി ഓർഡിനൻസ് ഉടൻ കൊണ്ടുവരണമെന്നും സുപ്രീംകോടതി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

മൊബൈൽ ഫോണിൽ കുട്ടികളുടെ അശ്ലീല ദൃശ്യം ഡൗൺലോഡ് ചെയ്ത ഇരുപത്തെട്ടുകാരനെതിരായ കേസ് കഴിഞ്ഞ ജനുവരി 11നാണ് മദ്രാസ് ഹൈക്കോടതി റദ്ദാക്കിയത്. കുട്ടികളുടെ അശ്ലീല വിഡിയോകൾ ഡൗൺലോഡ് ചെയ്ത് കാണുന്നത് പോക്സോ നിയമപ്രകാരവും ഐടി ആക്ട് പ്രകാരവും കുറ്റകരമല്ലെന്ന് ഹൈക്കോടതി വിധിച്ചിരുന്നു.

ഇതിനെതിരെ ജസ്റ്റ് റൈറ്റ്സ് ഫോർ ചിൽഡ്രൻ അലയൻസ്, ഡൽഹിയിലെ ബച്പൻ ബച്ചാവോ ആന്ദോളൻ എന്നീ സംഘടനകളാണ് സുപ്രീംകോടതിയെ സമീപിച്ചത്. മദ്രാസ് ഹൈക്കോടതിയുടെ വിധിയിൽ വലിയ പിഴവുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സുപ്രീംകോടതി വിചാരണക്കോടതി വിഷയം വീണ്ടും പരിശോധിച്ച് തീരുമാനമെടുക്കണമെന്ന് നിർദേശിച്ചു.

അത്തരം വിഡിയോകൾ ഡിലീറ്റ് ചെയ്യുകയോ അതേക്കുറിച്ചു റിപ്പോർട്ട് ചെയ്യുകയോ ചെയ്തില്ലെങ്കിൽ കൈമാറ്റം ചെയ്യാനുള്ള ഉദ്ദേശ്യമുണ്ടെന്ന് വ്യാഖ്യാനമുണ്ടാകാമെന്നു കോടതി നിരീക്ഷിച്ചു. ഓരോ കേസിലെയും സാഹചര്യം കൂടി കണക്കിലെടുത്താണ് ഉദ്ദേശ്യശുദ്ധി വിലയിരുത്തേണ്ടതെന്നും കോടതി വ്യക്തമാക്കി.

# പരിശോധനാ ഫലം വന്നു; ഗംഗാവലി പുഴയിൽ നിന്ന് കണ്ടെത്തിയത് പശുവിന്റെ അസ്ഥി

ബംഗളൂരു: ഗംഗാവലി പുഴയിൽ നിന്ന് കണ്ടെത്തിയ അസ്ഥി മനുഷ്യന്റേതല്ലെന്ന് സ്ഥിരീകരിച്ചു. മംഗളുരുവിലെ എഫ്എസ്എൽ ലാബിൽ നടത്തിയ പരിശോധനയിൽ അസ്ഥി പശുവിന്റേതാണെന്ന് വ്യക്തമായതായി ജില്ലാ കളക്ടർ ലക്ഷ്മി പ്രിയ അറിയിച്ചു.

മണ്ണിടിച്ചിലിൽ കാണാതായ അർജുൻ അടക്കം മൂന്ന് പേർക്കായി നടത്തുന്ന തെരച്ചിലിനിടെയാണ് അസ്ഥി കണ്ടെത്തിയത്. അതേസമയം ഗംഗാവലി പുഴയിൽ നടത്തിയ തെരച്ചിലിൽ അർജുൻ ഓടിച്ചിരുന്ന വാഹനത്തിന്റെ ക്രാഷ് ഗാർഡ് കണ്ടെത്തി.

ഇത് അർജുൻ ഓടിച്ച വണ്ടിയുടെ ക്രാഷ് ഗാർഡാണെന്ന് ലോറിയുടമ മനാഫ് സ്ഥിരീകരിച്ചു. നാവികസേന മാർക്ക് ചെയ്ത സ്ഥലത്ത് നിന്നാണ് നാലു ടയറുകളോട് കൂടിയ ലോറിയുടെ പിൻഭാഗം കണ്ടെത്തിയത്.

# തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെക്കാനിക്കൽ ത്രോമ്പക്ടമി വിജയകരം

## സർക്കാർ മെഡിക്കൽ കോളേജിൽ ഇന്റർവെൻഷൻ ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ ഇതാദ്യം

സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജിൽ ഇന്റർവെൻഷൻ ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെക്കാനിക്കൽ ത്രോമ്പക്ടമി വിജയകരമായി പൂർത്തിയാക്കി. സ്ട്രോക്ക് ബാധിച്ച തിരുവനന്തപുരം സ്വദേശിയായ 70 വയസുകാരനാണ് മെക്കാനിക്കൽ ത്രോമ്പക്ടമിയിലൂടെ രക്തക്കുഴലിലെ വലിയ ബ്ലോക്ക് മാറ്റിത്.

സ്വകാര്യ ആശുപത്രിയിൽ ലക്ഷക്കണക്കിന് രൂപ ചെലവുള്ള ചികിത്സാ രീതിയാണ് മെഡിക്കൽ കോളേജിൽ അടിയന്തരമായി ചെയ്തത്. വിജയകരമായി ചികിത്സ പൂർത്തിയാക്കി രോഗി സുഖം പ്രാപിച്ചു വരുന്നു. മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കഴിഞ്ഞ ദിവസമാണ് കൈകാലുകൾക്ക് സ്വാധീനക്കുറവുമായി 70 വയസുകാരനെ മെഡിക്കൽ കോളേജ് ആശുപത്രി അത്യാഹിത വിഭാഗത്തിൽ എത്തിച്ചത്. പരിശോധനയിൽ സ്ട്രോക്ക് ആണെന്ന് കണ്ടെത്തി. ഉടൻ തന്നെ വിദഗ്ധ പരിശോധനകൾ നടത്തി കട്ടപിടിച്ച രക്തം അലിയിച്ച് കളയാനുള്ള ഐവി ത്രോംബോലൈസിസ് ചികിത്സ നൽകി. അതിന് ശേഷം വലിയ രക്തക്കുഴലിലെ ബ്ലോക്ക് മാറ്റാനായി മെക്കാനിക്കൽ ത്രോമ്പക്ടമി ചികിത്സ നടത്തി. വിജയകരമായ പ്രൊസീജിയറിന് ശേഷം രോഗി നിരീക്ഷണത്തിലാണ്.ഇമറിറ്റസ് പ്രൊഫസർ ഡോ. തോമസ് ഐപ്പ്, ന്യൂറോളജി വിഭാഗം മേധാവി ഡോ. ചിത്ര, ഡോ. റാം മോഹൻ, ഡോ. സുനിൽ ഡി, ഡോ. ആർ. ദിലീപ്, ഡോ. പ്രവീൺ പണിക്കർ, ഡോ. രമ്യ പി., ഡോ. വിനീത വി.എസ്. എന്നിവരടങ്ങുന്ന ടീമാണ് ചികിത്സയ്ക്ക് മേൽനോട്ടം വഹിച്ചത്.

മെക്കാനിക്കൽ ത്രോമ്പക്ടമി നടത്തിയ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് സെന്ററിന്റേയും സ്ട്രോക്ക് കാത്ത് ലാബിന്റേയും നോഡൽ ഓഫീസറായ ഡോ. ആർ. ദിലീപിന്റെ നേതൃത്വത്തിലുള്ള ടീമിൽ ഡോ. അനന്ത പത്മനാഭൻ, ഡോ. ടോണി, ഡോ. നിഖില, ജിത, വിഷ്ണു, ജയകൃഷ്ണ എന്നിവർ ഉൾപ്പെട്ടിരുന്നു.

ആദ്യമായാണ് ഒരു സർക്കാർ മെഡിക്കൽ കോളേജിൽ ബാഹ്യ സഹായമില്ലാതെ നമ്മുടെ ഡോക്ടർമാർ മെക്കാനിക്കൽ ത്രോമ്പക്ടമി ചെയ്യുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗത്തെ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് സെന്ററായി (സമഗ്ര പക്ഷാഘാത പരിചരണ വിഭാഗം) വികസിപ്പിച്ചെടുത്തിരുന്നു.

ലോക പ്രശസ്ത ഇന്റർവെൻഷൻ ന്യൂറോളജിസ്റ്റ് ഡോ. സാക്കീർ ഹുസൈന്റെ നേതൃത്വത്തിലുള്ള ടചകഎ മായി ചേർന്ന് ഫെലോഷിപ്പ് പ്രോഗ്രാമും നടത്തുന്നുണ്ട്. പുതിയ ചികിത്സാ സംവിധാനങ്ങൾ മികച്ച രീതിയിൽ വൈദഗ്ധ്യത്തോടെ ചെയ്യാൻ കഴിയുന്നു എന്നത് അഭിമാനകരമായ കാര്യമാണ്.

# മങ്കിപോക്സ് പ്രതിരോധത്തിനും ചികിത്സയ്ക്കുമായി പുതുക്കിയ മാർഗനിർദേശങ്ങൾ

## ഡോക്സിസൈക്ലിൻ കഴിക്കാത്തവരിൽ എലിപ്പനി മരണനിരക്ക് കൂടുതൽ സ്റ്റേറ്റ് ആർആർടി യോഗം ചേർന്ന് സംസ്ഥാനത്തെ സ്ഥിതി വിലയിരുത്തി

സംസ്ഥാനത്ത് എംപോക്സ് സംബന്ധമായ പ്രതിരോധത്തിനും ഫലപ്രദമായ ചികിത്സയ്ക്കായി പുതുക്കിയ മാർഗനിർദേശങ്ങൾ പുറത്തിറക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കേസുകൾ കൂടുകയാണെങ്കിൽ അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകി.

എല്ലാ ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എയർപോർട്ടുകളിൽ ഉൾപ്പെടെ നിരീക്ഷണം ശക്തിപ്പെടുത്തി. നിലവിൽ 5 ലാബുകളിൽ പരിശോധാ സൗകര്യമൊരുക്കി. ആവശ്യമെങ്കിൽ കൂടുതൽ ലാബുകളിൽ പരിശോധനാ സൗകര്യങ്ങളൊരുക്കും. മറ്റ് രാജ്യങ്ങളിൽ നിന്നും ഇവിടെ എത്തുന്നവർക്ക് ഉൾപ്പെടെ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കുകയും ചികിത്സ തേടുകയും വേണം. സർക്കാർ, സ്വകാര്യ ആശുപത്രികളിൽ എംപോക്സ് ലക്ഷണവുമായി എത്തുന്നുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണമെന്നും മന്ത്രി നിർദേശം നൽകി.

സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. എലിപ്പനി പ്രതിരോധത്തിൽ പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിന് വളരെ പ്രാധാന്യമുണ്ട്. മലിന ജലത്തിലിറങ്ങിയവരിൽ ഡോക്സിസൈക്ലിൻ കഴിക്കാത്തവരിൽ മരണനിരക്ക് കൂടുതലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിനാൽ മലിന ജലത്തിലിറങ്ങിയവർ നിർബന്ധമായും എലിപ്പനി പ്രിരോധ ഗുളിക കഴിക്കണം. കൈകാലുകളിൽ മുറിവുകളുള്ളവർ മലിനജലവുമായി സമ്പർക്കം വരാതെ നോക്കുകയോ, വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കുകയോ ചെയ്യണം. ഇടവിട്ട മഴ തുടരുന്നതിനാൽ പലതരം പകർച്ച പനികൾ തുടരുകയാണ്. ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1 ഇൻഫ്ളുവൻസ, മലേറിയ, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ കാണുന്നുണ്ട്. നീണ്ട് നിൽക്കുന്ന പനിയാണെങ്കിൽ വിദഗ്ധ ചികിത്സ തേടി ഏത് പനിയാണെന്ന് തിരിച്ചറിഞ്ഞ് ചികിത്സ ഉറപ്പാക്കണം.

വയറിളക്ക രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ് എ എന്നിവയെ പ്രതിരോധിക്കാൻ തിളിപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ. കുടിവെള്ള സ്ത്രോതസുകൾ കൃത്യമായി ക്ലോറിനേറ്റ് ചെയ്യണം. പ്രാദേശികമായി ഒരു പകർച്ചവ്യാധി റിപ്പോർട്ട് ചെയ്താൽ പൊതുജനാരോഗ്യ നിയമപ്രകാരമുള്ള തദ്ദേശ സ്ഥാപനങ്ങളിലെ കമ്മിറ്റികൾ ചേർന്ന് തുടർ നടപടികൾ സ്വീകരിക്കണം. വിവിധ വകുപ്പുകളെ ഏകോപിച്ചുള്ള ഈ കമ്മിറ്റികളിലെ ചർച്ചകളിലൂടെ ഫലപ്രദമായ തീരുമാനങ്ങളെടുക്കാൻ സാധിക്കും.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഐഎസ്എം ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# വനംവകുപ്പിൽ ചോദിക്കാനും പറയാനും ആളില്ലാത്ത അവസ്ഥ: പി.വി.അൻവർ

മലപ്പുറം : മന്ത്രി എ.കെ.ശശീന്ദ്രനെ വേദിയിലിരുത്തി വനംവകുപ്പിനെയും സർക്കാരിനെയും വിമർശിച്ച് പി.വി.അൻവർ എംഎൽഎ. കെ.സുധാകരൻ വനം മന്ത്രിയായിട്ട് ഇതൊന്നും നേരെയായിട്ടില്ലെന്നും പിന്നല്ലേ പാവം ശശീന്ദ്രൻ വിചാരിച്ചിട്ട് എന്നായിരുന്നു അൻവറിന്റെ പരാമർശം.

വനംവകുപ്പുമായി ബന്ധപ്പെട്ട് ചോദിക്കാനും പറയാനും ആളില്ലാത്ത സ്ഥിതിയുണ്ടെന്നും സർക്കാർ ഇടപെടേണ്ട വിഷയത്തിൽ ഇടപെടാത്തതുകാരണം ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് വോട്ട് പോയെന്നും അൻവർ പറഞ്ഞു. നിലമ്പൂരിൽ വനംവകുപ്പിന്റെ പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അൻവർ.

വനം വന്യജീവി സംരക്ഷണ മന്ത്രിക്കൊപ്പം മനുഷ്യ സംരക്ഷണ മന്ത്രി കൂടി വേണ്ട അവസ്ഥയാണ് സംസ്ഥാനത്ത് ഇപ്പോൾ. വനംവകുപ്പ് ജീവനക്കാരുടെ തോന്ന്യവാസത്തിന് അതിരില്ല. ഉദ്യോഗസ്ഥരുടെ മനസ് വന്യജീവികളേക്കാൾ ക്രൂരമാണ്. വനത്തിൽ ആർക്കും പ്രവേശനമില്ല.

വനത്തിൽ എന്തും നടക്കുമെന്നതാണ് സ്ഥിതി. ജനവാസ മേഖലയിൽ സ്ഥിരമായി വന്യജീവി ആക്രമണം ഉണ്ടാവുകയാണ്. നഗരങ്ങളിൽ വരെ വന്യജീവികൾ എത്തുന്നുണ്ട്. സോഷ്യൽ ഓഡിറ്റിനു വിധേയമാകാത്ത അന്യർക്ക് പ്രവേശനമില്ലെന്ന് എഴുതിവയ്ക്കുന്ന വകുപ്പാണ് വനം വകുപ്പ്.

മാധ്യമപ്രവർത്തകരെയും ജനപ്രതിനിധികളെയും വനത്തിലേക്ക് കയറ്റില്ല. വനത്തിനകത്ത് വന്യജീവികൾക്ക് ഭക്ഷണം കിട്ടുന്നില്ലെന്നും അൻവർ പറഞ്ഞു.

# അന്ന സെബാസ്റ്റ്യന്റെ വീട് യുവജന കമ്മീഷൻ ചെയർമാൻ സന്ദർശിച്ചു

ജോലി സമ്മർദ്ദം താങ്ങാനാവാതെ മരണപ്പെട്ട പൂണെ ഇ.വൈ കമ്പനിയിലെ മുൻ ജീവനക്കാരി അന്ന സെബാസ്റ്റ്യന്റെ എറണാകുളം കങ്ങരപ്പടിയിലെ വീട് യുവജന കമ്മീഷൻ ചെയർമാൻ എം.ഷാജർ, കമ്മീഷൻ അംഗം അബേഷ് അലോഷ്യസ് എന്നിവർ സന്ദർശിച്ചു. അന്നയുടെ അമ്മ ഇ.വൈ കമ്പനിയുടെ ഇന്ത്യൻ മേധാവി രാജീവ് മേമനിക്ക് അയച്ച കത്തിലൂടെയാണ് വിവരം പുറംലോകം അറിഞ്ഞത്.

# മുഖ്യമന്ത്രിക്കസേര ഒഴിച്ചിട്ട് അതിഷി മർലേന; ഡൽഹി മുഖ്യമന്ത്രിയായി അധികാരമേറ്റു

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രിയായി അതിഷി മർലേന സത്യപ്രതിജ്ഞ ചെയ്തു. ഡൽഹി രാജ്ഭവനിൽവച്ച് നടന്ന ചടങ്ങിൽ ഗോപാൽ റായി, കൈലാഷ് ഗഹ്ലോട്ട്, സൗരഭ് ഭരദ്വാജ്, ഇമ്രാൻ ഹുസൈൻ, മുകേഷ് അഹ്ലാവത് എന്നിവരും മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.

ചുമതലയേൽക്കാനെത്തിയ അതിഷി മുഖ്യമന്ത്രിയുടെ കസേരയ്ക്ക് സമീപം മറ്റൊരു കസേരയിട്ടാണ് ഇരുന്നത്. മുഖ്യമന്ത്രിയുടെ കസേര അരവിന്ദ് കേജരിവാളിന് മടങ്ങിയെത്താനായി ഒഴിച്ചിടുകയാണെന്ന് അതിഷി പറഞ്ഞു. അടുത്ത തെരഞ്ഞെടുപ്പിൽ കേജരിവാളിനെ ഡൽഹിയിലെ ജനങ്ങൾ അംഗീകരിക്കുന്നതുവരെയാകും താൻ മുഖ്യമന്ത്രിയായിരിക്കുകയെന്നും അതിഷി വ്യക്തമാക്കി.

മദ്യനയ അഴിമതിക്കേസിൽ ജാമ്യം ലഭിച്ച് ജയിലിൽനിന്ന് പുറത്തുവന്നതിന് പിന്നാലെയാണ് കേജരിവാൾ രാജി പ്രഖ്യാപിച്ചത്. പിന്നീട് ആംആദ്മി പാർട്ടിയുടെ രാഷ്ട്രീയകാര്യ സമിതിയിൽ കേജരിവാൾ തന്നെയാണ് അതിഷിയുടെ പേര് നിർദേശിച്ചത്.